**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4894** **26.06.2019 ൽ മറുപടിയ്ക്ക്**

**രാത്രികാല സമാന്തര ബസ് സർവ്വീസ്**

| | ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കേരളത്തിലൂടെയുള്ള രാത്രികാല സമാന്തര ബസ് സർവ്വീസുകളുടെ കാര്യത്തിൽ എന്തെല്ലാം നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്നറിയിക്കാമോ; | (എ) | മോട്ടോർ വാഹന നിയമത്തിന് എതിരായി രാത്രികാല സമാന്തര സർവ്വീസ് നടത്തുന്നത് തടയുന്നതിനായി മോട്ടോർ വാഹന വകുപ്പ് 'ഓപ്പറേഷൻ നൈറ്റ് റൈഡേഴ്സ്' എന്ന പേരിൽ രാത്രികാല പരിശോധന ആരംഭിച്ചിട്ടുണ്ട്. നാളിതുവരെ 9,975 നിയമ ലംഘനങ്ങൾ കണ്ടെത്തുകയും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കൂടുതൽ കെ.എസ്.ആർ.ടി.സി. ബസുകൾ ഇത്തരം റൂട്ടുകളിൽ രാത്രികാലങ്ങളിൽ സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കാമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) യും (സി) യും | കേരളത്തിലെ എല്ലാ പ്രധാന സ്ഥലങ്ങളെ തമ്മിലും ബന്ധിപ്പിച്ചുകൊണ്ട് മുഴുവൻ സമയവും കെ.എസ്.ആർ.ടി.സി സർവ്വീസുകൾ നടത്തി വരികയാണ്. എന്നാൽ അനധികൃതമായും, പെർമിറ്റ് വ്യവസ്ഥകൾ ലംഘിച്ചും, നിയമലംഘനം നടത്തി സമാന്തര സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകൾ പ്രധാനമായും രാത്രികാലത്താണ് ഇത്തരം സർവ്വീസുകൾ നടത്തി വരുന്നത്. നിയമ ലംഘനം നടത്തിയും, വേഗപരിധി പാലിക്കാതെയുമാണ് സ്വകാര്യ ബസ്സുകൾ ഇത്തരം അനധികൃത സർവ്വീസുകൾ നടത്തിവരുന്നത്. ഉത്തരവാദിത്വമുള്ള സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗ് ആയ കെ.എസ്.ആർ.ടി.സിയ്ക്ക് ഇത്തരത്തിലുള്ള നിയമലംഘനങ്ങൾ നടത്തുന്നതിനോ അപ്രകാരം സർവ്വീസുകൾ നടത്തുന്നതിനോ പ്രായോഗികമായി കഴിയാത്തതാണ്. എന്നാൽ കേരളത്തിനുള്ളിലും അന്തർ സംസ്ഥാന പാതകളിലും കൃത്യമായും, കാര്യക്ഷമമായും യാത്രക്കാർക്ക് ആവശ്യമായ പ്രകാരം സൂപ്പർക്ലാസ് സർവ്വീസുകൾ നടത്തി വരികയാണ്. കൂടുതൽ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതിനും പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ലാഭകരമായി ഇത്തരം സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. യ്ക്ക് നടത്തുവാനുള്ള തടസ്സങ്ങൾ എന്തെല്ലാമാണ്; വിശദവിവരം നൽകുമോ? | | |

**സെക്ഷൻ ഓഫീസർ**